പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2593 | 14.12.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യോല്പന്നങ്ങളിലെ കീടനാശിനികളുടെ സാന്നിധ്യം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ**<br>**,, പി.കെ.ബഷീർ**<br>**,, സി.മോയിൻ കുട്ടി**<br>**,, കെ.എൻ.എ.ഖാദർ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യോല്പന്നങ്ങളിൽ കീടനാശിനികളുടെ അളവു നിർണ്ണയിക്കുന്നതിലെ അപാകതമൂലം മാരകവിഷമുള്ള കീടനാശിനികളുടെ സാന്നിധ്യം അവഗണിക്കപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഒരോ വിഭവത്തിനും നിഷ്കർഷിച്ചിട്ടുള്ള കീടനാശിനിക്കു പുറമേ ഭക്ഷ്യോല്പന്നങ്ങളിൽ അടങ്ങിയിട്ടുള്ള എല്ലാ കീടനാശിനികളുടെയും അളവു പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ; | ബി) | കേന്ദ്ര ഭക്ഷ്യസുരക്ഷാഅതോറിറ്റി ഓരോവിഭവത്തിനും നിഷ്കർഷിച്ചിട്ടുള്ള കീടനാശിനികളുടെ അളവ് സംബന്ധിച്ച് ഒരു കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം തീരുമാനം കൈക്കൊണ്ട് ഭക്ഷ്യോൽപന്നങ്ങളിൽ അടങ്ങിയിട്ടുള്ള കീടനാശിനികളുടെ അളവ് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. |
| സി) | ഇതിനായി ചട്ടങ്ങളിൽ ഉചിതമായ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ ? | സി) | ഭക്ഷ്യസുരക്ഷാനിയമവുമായി ബന്ധപ്പെട്ട് കേന്ദ്രചട്ടങ്ങൾ ആണ് നിലവിലുള്ളത്. ആവശ്യമെന്നുകാണുന്ന പക്ഷം ടി ചട്ടങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തേണ്ട കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ